# സ്കൂൾ
# അക്കാദമിക മാസ്റ്റർ
# പ്ലാൻ

# 2025-26

## എ.എം.എ.യു.പി
## സ്കൂൾ, നെച്ചൂർ

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. കേരളം മറ്റുപല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും പഠനാവസരങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വിദ്യാലയത്തിന്റെ അക്കാദമിക നിലവാരത്തിന് പൊതുസമൂഹം നൽകുന്ന അംഗീകാരത്തെ നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണകരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാണ് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസനലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം
* വായനാശേഷി വർദ്ധിപ്പിക്കൽ
* ഇംഗ്ലീഷ് പഠനം - രസകരമാക്കൽ
* ശാസ്ത്ര പ്രോത്സാഹന പരിപാടി
* ഗണിതശേഷി വികസനം
* ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
* LSS, USS, സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
* NAS / SAS പ്രത്യേക പരിശീലനം
* CPTA ശക്തിപ്പെടുത്തൽ
* പ്രവൃത്തി പരിചയ പരിശീലനം
* കലാ പരിപോഷണം
* IT പഠനം കാര്യക്ഷമമാക്കൽ
* വിലയിരുത്തൽ കാര്യക്ഷമമാക്കൽ
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കൽ
* പഠനയാത്രകൾ
* സാഹിത്യശില്പശാലകൾ
* പഠനോത്സവം.

## ഉപമേഖല - മലയാളം
## ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ (ശ്രദ്ധ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദ നിർമ്മാണം<br>* വാക്യ നിർമ്മാണം<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | ജൂൺ-ജൂലൈ<br>ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | * ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>* വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരണം<br>* വായനാമൂല സജ്ജീകരിക്കൽ<br>* പത്രവായന<br>* പിറന്നാളിന് ഒരു പുസ്തകം.<br>* എല്ലാ നിലവാരക്കാരെയും പരിഗണിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ ലഭ്യമാക്കൽ. | ജൂൺ-ജൂലൈ | ക്ലാസ് അധ്യാപകർ | |
| പത്രവായന പരിപോഷിപ്പിക്കുക. | * രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>* പത്രക്വിസ് | എല്ലാ ദിവസവും. | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സർഗ്ഗശേഷി വികസനം | * സാഹിത്യ ക്വിസ് - രചനാ ശില്പശാല (കഥ, കവിത)<br>* കവിതാലാപന മത്സരങ്ങൾ<br>* പുസ്തകാസ്വാദനം തയ്യാറാക്കി അവതരിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ | മലയാളം അധ്യാപകർ | |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | * ഓർമ്മദിനങ്ങൾ ആചരിക്കൽ<br>* ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തക പരിചയം<br>* ക്വിസ് മത്സരം<br>* ജീവിതരേഖ തയ്യാറാക്കൽ<br>* പതിപ്പ് നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ | |
| | | | | |

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം.
ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും കഴിയുന്നതിന്. | * ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>* രക്ഷിതാക്കൾ ഇംഗ്ലീഷ് ക്ലാസ്<br>* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി.<br>* ഇംഗ്ലീഷിൽ ഡയറി എഴുത്ത്. | എല്ലാ ദിവസവും<br>ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കൽ | * ഇംഗ്ലീഷ് പത്രങ്ങൾ വായിക്കൽ<br>* ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>* ഇംഗ്ലീഷ് വായനാ കാർഡുകൾ ലഭ്യമാക്കൽ | ജൂൺ-മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | * പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ (സ്കിറ്റ്, സംഭാഷണം)<br>* ഇംഗ്ലീഷ് കഥ കവിത രചനാ ക്യാമ്പ് | 2 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |

## ഉപമേഖല : ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തി |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | * ലളിതമായ പരീക്ഷണങ്ങളുടെ അവതരണം.<br>* ക്ലാസിൽ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | മാസത്തിൽ ഒരിക്കൽ<br>ജൂൺ-മാർച്ച് | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | * ശാസ്ത്ര സംബന്ധമായ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 3 മാസത്തിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര ലാബ് നവീകരണം | * ശാസ്ത്ര ഉപകരണങ്ങളും സാമഗ്രികളും കൃത്യമായി സജ്ജീകരിക്കൽ | ജൂലൈ-ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്രോത്സവം-ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | * പതിപ്പ്<br>* ചാർട്ട്<br>* ആൽബം<br>* പരീക്ഷണം<br>എന്നിവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ശാസ്ത്ര അധ്യാപകർ | |

## ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | * വർക്ക്ഷീറ്റുകൾ<br>* വിവിധ തരം കളികൾ<br>* ഏണിയും പാമ്പും<br>* ഡയസ് കളി<br>* കച്ചവടകളി | ജൂൺ-മാർച്ച് | ഗണിത അധ്യാപകർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | * ഗണിതപഠനോപകരണ ശില്പശാല<br>* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ജൂലൈ-ആഗസ്റ്റ് | ഗണിത അധ്യാപകർ | |
| ഗണിതശേഷികളുടെ വികസനം | * ഗണിത മേള<br>* പസിലുകൾ<br>* പാറ്റേൺ<br>* പഠന ഉല്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | ഗണിത അധ്യാപകർ | |
| ഗണിതരൂപങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക | * ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ നിർമ്മിക്കുക.<br>* പ്രദർശിപ്പിക്കുക. | ജൂൺ ആഗസ്റ്റ് | ഗണിത അധ്യാപകർ | |

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക | * ക്ലാസ് ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറിയ പുസ്തകങ്ങൾ ലഭ്യമാക്കി വായന പ്രോത്സാഹിപ്പിക്കുക<br>* ആഴ്ചയിൽ ഒരു ദിവസം ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക.<br>* ഹിന്ദി കവിതാലാപനം പരിപോഷിപ്പിക്കുക. | ജൂൺ-മാർച്ച് | ഹിന്ദി അധ്യാപകർ | |

## ഉപമേഖല : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | * ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കൽ | ജൂൺ-മാർച്ച് | HM<br>SRG<br>അധ്യാപകർ | |

## ഉപമേഖല : LSS, USS സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികളെ LSS, USS സ്കോളർഷിപ്പുകൾ നേടാൻ പ്രാപ്തരാക്കുക. | * ചിട്ടയായ പരിശീലനത്തിലൂടെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നേടാൻ തയ്യാറാക്കുക.<br>* കൂടുതൽ മാതൃകാ പരീക്ഷകൾ നടത്തുക ചെയ്യുക. | നവംബർ-മാർച്ച് | SRG<br>അധ്യാപകർ | |

## ഉപമേഖല : NAS/SAS പ്രത്യേക പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| NAS/SAS പരീക്ഷകൾ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള കൂടുതൽ ചോദ്യമാതൃകകൾ നൽകിക്കൊണ്ടുള്ള വിദഗ്ദ്ധ പരിശീലനം<br>* കൂടുതൽ മാതൃകാ പരീക്ഷകൾ നടത്തി കുട്ടികളെ പരീക്ഷ അഭിമുഖീകരിക്കാനും സമയബന്ധിതമായി പരീക്ഷ പൂർത്തിയാക്കാനുമുള്ള പരിശീലനങ്ങൾ നൽകൽ | ആഗസ്റ്റ് - ജനുവരി | HM<br>SRG<br>ക്ലാസ് അധ്യാപകർ | |

## ഉപമേഖല : CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവതിരിച്ചറിയാനും കുട്ടിയെ മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുക. | * CPTA യോഗം കാര്യക്ഷമമായി നടത്തൽ<br>* കുട്ടികളുടെ പഠന തെളിവുകളുടെ പ്രദർശനം.<br>* എത്താതെ പോയ പഠനനേട്ടങ്ങൾ ബോധ്യപ്പെടുത്തൽ | 2 മാസത്തിൽ ഒരിക്കൽ | HM<br>SRG<br>ക്ലാസ് അധ്യാപകർ | |

## ഉപമേഖല : പ്രവൃത്തി പരിചയ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് പ്രവൃത്തി പരിചയപരിശീലനം നൽകുക. | * താത്പര്യരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ കൃത്യമായ പരിശീലനം നൽകൽ<br>* മികച്ച കുട്ടികളെ കണ്ടെത്തി പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുപ്പിക്കൽ | ആഴ്ചയിൽ 1 ദിവസം. | അധ്യാപകർ | |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാരംഗത്ത് മികവു പുലർത്തുന്ന കുട്ടികൾക്ക് പരിശീലനം | * നൃത്തം, സംഗീതം എന്നീ മേഖലകളിൽ കലാവാസനകൾ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.<br>* കലോത്സവങ്ങളിൽ പങ്കെടുപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ | |

## ഉപമേഖല : IT പഠനം കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തിനേടുക. | * എല്ലാ ക്ലാസുകളിലെയും കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം കമ്പ്യൂട്ടറിൽ പ്രവർത്തനങ്ങൾ ചെയ്യാൻ അവസരം നൽകുക. | ജൂലൈ-മാർച്ച് | അധ്യാപകർ | |

ഉപമേഖല : വിലയിരുത്തൽ കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിലയിരുത്തൽ കാര്യക്ഷമമായി നടത്തി കുട്ടികളുടെ നിലവാരം കൃത്യമായി തിരിച്ചറിയുക. | - നിരന്തരമായ വിലയിരുത്തലുകൾ നടത്തി കുട്ടികളുടെ നിലവാരം കൃത്യമായി രേഖപ്പെടുത്തുക.<br>* | ജൂൺ- മാർച്ച് | HM<br>SRG<br>അധ്യാപകർ | |

ഉപമേഖല : സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക.<br>എല്ലാ ക്ലാസ്സുകളിലും പാഠ്യപദ്ധതി വിഭാവനം ചെയ്തിട്ടുള്ള പഠനനേട്ടങ്ങളിലേക്ക് കുട്ടികളെ എത്തിക്കുക. | * വിദ്യാലയതല സമിതികൾ രൂപീകരിക്കൽ<br>* ഗൃഹസന്ദർശനം.<br>* പ്രതിവാര പരീക്ഷകൾ<br>* CPTA<br>* ശേഷികൾ ഉറപ്പാക്കൽ<br>* പ്രത്യേക വ്യക്തിഗത പിന്തുണ അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പിന്തുണ ഉറപ്പാക്കൽ<br>* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെ പ്രത്യേക ക്ലാസ്<br>* വർക്ക്ഷീറ്റുകൾ നൽകൽ | ജൂൺ-മാർച്ച് | HM<br>SRG<br>അധ്യാപകർ | |

## ഉപമേഖല : പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, കോട്ടകൾ എന്നിവയെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കുക | • സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ, കോട്ടകൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | HM<br>അധ്യാപകർ<br>PTA | |

## ഉപമേഖല : സാഹിത്യശില്പശാലകൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | • കഥ, കവിത രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാഹിത്യ ശില്പശാല നടത്തുന്നു.<br>• കുട്ടികൾക്ക് കഥ കവിത രചനാമത്സരങ്ങൾ നടത്തുന്നു.<br>• കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നു. പതിപ്പ് തയ്യാറാക്കൽ | മാസത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ | |

## ഉപമേഖല : പഠനോത്സവം.

| ലക്ഷ്യം | പ്രവർത്തനം. | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| കുട്ടികൾ നേടിയ പഠന നേട്ടങ്ങളും പഠനതെളിവുകളും പ്രദർശിപ്പിക്കുക. | • കുട്ടികളുടെ പഠന തെളിവുകളുടെ പ്രദർശനം<br>• വിവിധ വ്യവഹാര രൂപങ്ങൾ അവതരണം<br>• പരീക്ഷണങ്ങൾ | മാർച്ച് | HM<br>SRG<br>അധ്യാപകർ | |